## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1118 — 13.12.2012 ൽ മറുപടിയ്ക്ക്

### സ്വാശ്രയ സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സ്വാശ്രയ സ്ക്കൂളുകളക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് കെ.ഇ.ആറിലെ വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) സർക്കാർ/എയ്ഡഡ് അൺ എയ്ഡഡ് മേഖലയിൽ പുതിയ സ്ക്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ള അംഗീകാരമില്ലാത്ത സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതും കെ.ഇ.ആർ. - ലെ അദ്ധ്യായം V റൂൾ 2, 2എ പ്രകാരമാണ്. ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യകത, സ്ക്കൂളുകളുടെ ലഭ്യത ജനസംഖ്യ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് പുതുതായി സ്ക്കൂളുകൾ ആവശ്യമുള്ള സ്ഥലങ്ങളുടെ ഒരു ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കുകയും ഈ ലിസ്റ്റിന്മേൽ ഒബ്ജക്ഷൻ ക്ഷണിച്ചുകൊണ്ട് ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മേൽ പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ലഭിക്കുന്ന ഒബ്ജക്ഷനുകൾ പരിഗണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും ആയത് സർക്കാരിലേക്ക് തുടർ നടപടിക്കായി അയയ്ക്കുകയും ചെയ്യുന്നു. സർക്കാർ പ്രസ്തുത ലിസ്റ്റ് വിശദമായി പരിശോധിച്ച ശേഷം ആവശ്യമായ ഭേദഗതികളോടെ അംഗീകരിക്കുകയും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. |

ഈ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കണം. പൊതു വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷകളും റിപ്പോർട്ടുകളും സർക്കാരിന് കൈമാറുകയും സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് അർഹരായ അപേക്ഷകരുടെ ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധമായ സർക്കാർ നയം വ്യക്തമാക്കുമോ; | (ബി) | അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടില്ല. |
| (സി) | സർക്കാർ സ്വാശ്രയ മേഖലയിൽ ഏതെങ്കിലും സ്കൂളുകൾക്ക് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏവ; | (സി) | 1) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്കൂളിൽ പ്രവർത്തിച്ചുവരുന്ന അംഗീകാരമില്ലാത്ത അൺ എയ്ഡഡ് എൽ.പി. വിഭാഗത്തിന് കോട്ടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് 25.07.12 - ലെ സ.ഉ. (കൈ)242/12/പൊവി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>2) കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്കൂളിന് 1949/2009 നമ്പർ റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് 18.01.2012 - ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.8.2012 - ലെ സ.ഉ. (സാധാ.) 3940/12/പൊ.വി. നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |

3) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂളിന് ബഹു. ഹൈ-ക്കോടതി ഡിവിഷൻ ബഞ്ചിന്റെ 18.08.10 ലെ W.A. നമ്പർ 896/10 കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.06.2011 - ലെ സ.ഉ. (സാധാ.) 2181/2011/ പൊ.വി.വ. നമ്പർ. ഉത്തരവ് പ്രകാരം അംഗീകാരം നൽകി യിട്ടുണ്ട്.

4) മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിലെ എൽ.പി., എച്ച്.എസ്. വിഭാഗങ്ങൾക്ക് അംഗീകാരമുള്ളതിനാൽ പ്രസ്തുത സ്ക്കൂളിലെ യു.പി. സ്ക്കൂളിന് 21.5.2012 - ലെ സ.ഉ. (സാധാ.) 2341/12/പൊ.വി. പ്രകാരം അംഗീകാരം നൽകി യിട്ടുണ്ട്.

(ഡി) എന്തെല്ലാം വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് അനുമതി നൽകിയിരിക്കുന്നത്?

(ഡി) മേൽപ്പറഞ്ഞ നാലു സ്ക്കൂളുകൾക്ക് ബഹു. ഹൈക്കോടതിയുടെ വിധി യുടെയും പ്രത്യേക പരിഗണനയുടെയും അടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയിട്ടുളളത്. സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

സെക്ഷൻ ഓഫീസർ